# Inspira

**Women's Day Edition 2023**



DEPARTMENT OF JOURNALISM AND MASS COMMUNICATION
PAZHASSIRAJA COLLEGE, PULPALLY

# Department of Journalism & Mass Communication
## Pazhassiraja College, Pulpally

#masscompazhassiraja
masscom@pazhassirajacollege.ac.in



















### Our Highlights

- Experiential learning with specific simulations
- Scope of interacting with scholars of eminence from world-class universities
- Customised e-learning resources
- Experienced faculty members
- Blended learning supported by virtual platforms
- Specialised certificate programs
- 'Meet the scholar'-interaction with scholars and academicians
- 'Flash talks'-listen to the industrial experts
- Technically sound and competent learning environment
- Career Guidance and placement assistance
- Industry, academia collaborations
- Student counseling/mentoring services and grievance redressal cell
- Programs/Courses under the cross-cutting domains
- Specialised training sessions for NET/competitive exams
- Extension activities
- Practice-oriented workshops and Seminars
- Soft skills/technical skills enhancement
- Digital media orientation and training
- Internships/ field visits
- Research orientation
- Established alumni assistance

# ഇതളുകളിലൂടെ.......


**She..........02**

**She Builds..........03**

**അരങ്ങൊഴിയുമ്പോൾ..........04**

**മാറുന്ന മലയാള സിനിമയും ജയക്ക് കിട്ടുന്ന കയ്യടിയും..........05**

**To Mom..........07**

**കലികാലത്തിന്റെ വെളിപാടുകൾ..........08**

**നീ..........09**

**അമ്മ...........10**

**ചുവപ്പ്...........11**

**രതികേളീ രുഗ്മിണി...........12**

**സ്ത്രീ സ്വപ്നങ്ങൾ...........13**

**A Woman..........14**

**റപ്പായിയിൽ നിന്ന് ഭാവനയിലേക്ക്..........15**

**ദേവി..........17**

**നൊമ്പരക്കാറ്റ് .........18**

**If you were a Boy..........19**

**അമ്മിണി മുതൽ രോഹിണി പ്രണാബ് വരെ..........21**

**യാത്ര..........22**

**പ്രണയത്തിൻറെ അന്ത്യ പ്രലോഭനങ്ങൾ..........23**

**വേദന..........25**

**വിവേചനത്തിൻറെ പേരോ ആർത്തവം..........26**

**Chained or to be..........27**

**പ്രിയപ്പെട്ട കാമുകി..........28**


**Wrecked Life..........29**

**മലയാള സിനിമ: സ്ത്രീ, സമത്വം..........30**






***Staff Editor:*** *Shobin Mathew.* ***Student Editor:*** *Sayooj Sasikumar.* ***Editorial Team:*** *Dr. Jobin Joy, Lincy Joseph, Jibin Varghese, Cristeena Joseph,Vipin Kumar, Sneha Raghunathan.* ***Cover Design:*** *Arun P (2nd MAJMC).* ***Layout:*** *MAJMC (2021-23).* ***Mentor(Layout & Design):*** *Lithin Mathew*



# *she...*

*she is water*
*soft enough*
*to offer life*
*tough enough*
*to drown it away*

VAISHAK
1st BAJMC

# SHE builds

**Dr. Jobin Joy**

*The feminist movement in the United States in the 1960s and 1970s helped to bring about significant changes in gender roles and expectations, including greater opportunities for women in education and employment*



Nation building is the process of creating a unified and cohesive society that works towards common goals, such as economic development, social justice, and political stability. Women have always played a critical role in nation building, yet their contributions have often been undervalued or overlooked.

Women are critical contributors to the economy. Women make up a significant portion of the workforce in many countries, and their contributions are essential to the success of businesses and industries. A study by the McKinsey Global Institute found that advancing gender equality could add $12 trillion to global GDP by 2025 (MGI, 2015). Women entrepreneurs also play a vital role in creating jobs and stimulating economic growth. According to a report by the International Labour Organization (ILO), women-owned businesses create more jobs than male-owned businesses (ILO, 2019). When women are empowered to participate fully in the economy, it benefits not only themselves but also their families and communities.

Women are key agents of social change. Women have been at the forefront of movements for social justice and human rights. Women's organizations and networks have played a critical role in advocating for women's rights and advancing gender equality. For instance, the feminist movement in the United States in the 1960s and 1970s helped to bring about significant changes in gender roles and expectations, including greater opportunities for women in education and employment (Giddings, 2015). Similarly, women's organizations in countries such as India and South Africa have played an important role in advocating for women's rights and influencing government policy (Mukhopadhyay, 2015). When women are empowered to lead and participate in decision-making, they can drive social change and advance the well-being of their communities.

Women are critical in promoting peace and security. Women have a unique perspective on conflict and can contribute to peace building efforts in many ways. Research has shown that the participation of women in peace negotiations and peacekeeping missions can lead to more sustainable peace agreements and more effective peace building (UN Women, 2019). Women's groups have also played a critical role in building bridges between communities and promoting dialogue to resolve conflicts (UNDP, 2018). When women are involved in peace building, it can help to create more inclusive and sustainable societies.

In conclusion, the role of women in nation building is essential. Women are critical contributors to the economy, agents of social change, and promoters of peace and security. When women are empowered to participate fully in society, it benefits not only themselves but also their families, communities, and nations. As we work towards building more cohesive and inclusive societies, we must recognize and value the essential role of women in nation building.

# അരങ്ങൊഴിയുമ്പോൾ



ഉമ്മറപ്പടിയിലെ കരിപിടിച്ച
ചുമരിലെ നോവുകൾ
നീറുന്ന ഓർമ്മകൾക്കിപ്പുറം
നീ ഓടി തീർത്ത
രാപ്പകൽ കഥകളിൽ
കണ്ടില്ല ഒരിക്കലും
അരങ്ങിലേക്ക് ഇതുവരെ
നിൻ ചിത അണയും വരെ
കാണാറില്ല ഞാൻ ഒരിക്കലും
അണഞ്ഞു തീർന്ന
വിറകടുപ്പിൽ ചുടുമണം
നീ കൂട്ടിച്ചേർത്ത്
പച്ചനോട്ടിൻ തുണ്ടുകൾ
അരിയിട്ട പാത്രത്തിൽ
വെറുതെ കിടക്കെ
നെഞ്ചോട് ചേർത്ത് ഞാനി
ഇന്നും പിടിക്കുന്നു ഓർമ്മകൾ
പിന്നിട്ട നിൻ യാത്രയിൽ..................


VIMYA
HOD, COMMERCE DEPT

# മാറുന്ന മലയാള സിനിമയും ജയക്ക് കിട്ടുന്ന കൈയടിയും



സിനിമ എന്നത് സാധാരണക്കാരെ സംബന്ധിച്ച് ഏറ്റവും മികച്ച ഒരു വിനോദോപാധിയാണ്. രണ്ട് മണിക്കൂർ സമയം അവരുടെ മറ്റെല്ലാ പ്രശ്നങ്ങളിൽ നിന്ന് മോചനം എന്ന നിലയിലാണ് സിനിമയെ ആശ്രയിച്ചത്. രണ്ടര മണിക്കൂർ വെള്ളിവെളിച്ചത്തിൽ അവരുടെ ഇഷ്ടനടൻ തന്നെക്കാൾ ശക്തിയുള്ള വില്ലന്മാരെ ഇടിച്ചു പറത്തുന്നത് കണ്ട് അവർ കൈയടിച്ചു. രണ്ട് പതിറ്റാണ്ട് മുൻപു വരെ ശരാശരി മലയാളിയുടെ സിനിമാ കാഴ്ചപ്പാട് ഇങ്ങനെയൊക്കെയായിരുന്നു. നായകന്റെ നിഴലായി നിൽക്കാനും നായകന്റെ സങ്കല്പങ്ങൾക്കനുസരിച്ച് ഉത്തമയായി നടക്കാനും വിധിക്കപ്പെട്ടവർ മാത്രമായിരുന്നു അന്നത്തെ കാലത്തെ നായികമാർ. അഥവാ ഏതെങ്കിലും സിനിമയിൽ മേൽപ്പറഞ്ഞ ഗുണങ്ങൾ ഇല്ലാത്ത നായികയാണെങ്കിൽ അവ





രെ ഉപദേശിച്ച് നേർവഴിക്ക് നടത്തുക എന്ന ചുമതല കൂടി നായകന് വരും.

കന്മദത്തിലെ ഭാനുമതിയും ദി കിങ്ങിലെ അനുരാ മുഖർജിയും, ഞങ്ങൾ സന്തുഷ്ടരാണിലെ ഗീതുവും ഇങ്ങനെ നേർവഴിക്ക് നടക്കാൻ വിധിക്കപ്പെട്ട സ്ത്രീ കഥാപാത്രങ്ങളാണ്. 2010ന് ശേഷം മലയാളസിനിമയിൽ ഒട്ടേറെ മാറ്റങ്ങൾക്ക് മലയാള സിനിമ സാക്ഷിയായി. നായകനെക്കാൾ പ്രേക്ഷകർ കഥയ്ക്ക് പ്രാധാന്യം കൊടുക്കാൻ തുടങ്ങി. അതോടൊപ്പം ശക്തരായ സ്ത്രീകഥാപാത്രങ്ങളും സൃഷ്ടിക്കപ്പെട്ടു.

ഇതിന്റെ തുടക്കം എന്ന് പറയാവുന്ന ഒരു സിനിമയാണ് 2012ൽ പുറത്തിറങ്ങിയ 22 ഫീമെയിൽ കോട്ടയം. ഈ സിനിമയിൽ റിമ കല്ലിങ്കൽ അവതരിപ്പിച്ച ടെസ്സ എന്ന കഥാപാത്രം. തന്നെ പീഡിപ്പിച്ചവർക്കെതിരെ ഒരു പെണ്ണ് നടത്തിയ പ്രതികാരം അന്നത്തെ കാലത്തെ ഭൂരിഭാഗം വരുന്ന പ്രേക്ഷകർ സ്വീകരിച്ചിരുന്നില്ല.

കാലം മാറി.. കോവിഡ് ലോക്ക്ഡൗൺ മലയാളിയുടെ സിനിമാ ആസ്വാദനത്തിൽ വലിയ മാറ്റം തന്നെ വരുത്തി. ഈ മാറ്റങ്ങൾ മലയാള സിനിമയിലും പ്രതിഫലിച്ചു. 2021ൽ ഓ.ടി.ടി വഴി റിലീസ് ചെയ്ത ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ സിനിമ ഉദാഹരണമാണ്. അടുക്കളയുടെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിടപ്പെടേണ്ടി വരുന്ന സാധാരണ ഇന്ത്യൻ വീട്ടമ്മമാരുടെ പ്രതിനിധിയായി നിമിഷാ സജയൻ അഭിനയിച്ച ഈ സിനിമ ആ വർഷം ഇറങ്ങിയ ഏറ്റവും മികച്ച ഇന്ത്യൻ സിനിമകളിൽ ഒന്നായി മാറി.

ഈ മാറ്റം ഇപ്പോഴും പല രീതിയിൽ മലയാള സിനിമയിൽ പല രീതിയിൽ കാണാൻ സാധിക്കും. 2022ൽ ഇറങ്ങിയ ഫ്രീഡം ഫൈറ്റ് എന്ന ആന്തോളജി സിനിമയിലെ ഗീതു അൺചെയിൻഡ് എന്ന സെഗ്മെന്റിലെ രജിഷാ വിജയന്റെ കഥാപാത്രം ഇന്നത്തെ കാലത്തെ യുവതികളുടെ പ്രതിനിധിയാണ്. ടോക്സിക് ആയ കാമുകനെ തെറി വിളിച്ചുകൊണ്ട് അവന്റെ ജീവിതത്തിൽ നിന്നിറങ്ങി വരുന്ന ഗീതു പഴയകാല നായികമാരുടെ നേർവിപരീതമാണ്.



ഇത്തരം സിനിമകളുടെ ലിസ്റ്റിലേക്ക് പുതിയതായി വന്ന് ചിത്രമാണ് ജയ ജയ ജയ ജയ ഹേ. ഗാർഹികപീഡനത്തിനെതിരെയും സ്ത്രീ സ്വാതന്ത്ര്യത്തിനെ പറ്റിയും ഒരു മിഡിൽക്ലാസ് കുടുംബത്തിലെ സാധാരണ പെൺകുട്ടി നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും നർമ്മത്തിന്റെ അകമ്പടിയിൽ ഈ സിനിമ പറയുന്നു. ഒരുപാട് കാലത്തിന് ശേഷം കുടുംബങ്ങൾ തിയറ്ററിലേക്ക് കൊണ്ടുവന്ന ചിത്രം കൂടിയാണിത്.

സ്ത്രീ സർവംസഹയാണ് ക്ഷമയുടെ പ്രതീകമാണ് എന്നൊക്കെ പറഞ്ഞ് ഒതുക്കി നിർത്തിയ കുലപുരുഷ സമൂഹത്തിന് നേരെയായിരുന്നു ജയയുടെ ഒരോ ചവിട്ടും. അത് മലയാളി പ്രേക്ഷകർ ഏറ്റെടുത്തു എന്നതിന് തെളിവാണ് ജയക്ക് കിട്ടിയ കൈയടികളും.


ജയമാർക്ക് കൈയടി കിട്ടുന്ന, മേലേടത്ത് രാഘവനും പൂവള്ളി ഇന്ദുചൂഡനും വിമർശിക്കപ്പെടുന്ന ഈ കാലഘട്ടം മാറ്റത്തിന്റേത് കൂടിയാണ്.

**അമർനാഥ്.എം**



# To Mom

You are the most hardworking and determined peson
I have ever met in my life;



You deserve the best in the world,
You are the reason why I feel.

this place "Home",
I wish I was like you,

You are my biggest motivation and,
I owe you for what I'm today.

I appreciate the effort you take to
live your life.

I want you to know, you're beautiful,
There were times when I was
disappointed at you,

That was because I had more expectations.
But clear Mom, we feel proud to be your children;
Love you.

Lizy P.K
Asst. Professor
Dept of History

# കലികാലത്തിന്റെ വെളിപാടുകൾ

കലികാലക്കോമരങ്ങളുറഞ്ഞിടുമ്പോൾ
കല്പനയിൽ പുതുവെളിപാടുകളുയരുന്നു
കണ്ണനും രാധയും രാധാമാധവമാടിയ
കാളിന്ദീപുളിനങ്ങൾ കണ്ണീരണിയുന്നു

സീതായനങ്ങൾപാടിയ സരയുവിന്ന്
സാഗരത്തിലേയ്ക്കൊഴുകുന്നു്
സ്നേഹവഞ്ചനയിൽ കുടുങ്ങിയൊരു
സ്ത്രീതൻ നോവിൻ രുധിരപ്രവാഹമായ്

സ്നേഹമില്ലിവിടെ പണമാണു കേമൻ
പ്രണയമില്ലിവിടെ കാമാന്ധരാണിവർ
മരണവക്ത്രത്തിൽനിന്നു കാന്തനെകാത്ത
പതിവ്രതാരത്നമാം സാവിത്രിയില്ലിവിടെ

ഒരുതരിപ്പൊന്നിനായ് ചൂടുചോര ചിന്തുന്നു
കാൽപ്പണംകാശിനായ് കൊല്ലുന്നുപ്രിയരെ
കാമാർത്തിതീർത്തതിൻശേഷമപ്പൂവുടൽ
വെട്ടി ഭുജിക്കുന്നു നരഭോജിയെപ്പോൽ

മാറണം നമ്മളിന്നേറെക്കരുത്തരായ്
പ്രതികരിച്ചിടണം ശക്തിയോടെ
കാലം കലിയുഗമല്ലയോ കൂട്ടരേ
ഒന്നായി നിൽക്കുക സംഘടിച്ചീടുക

ദേവിക ബി രാജ്
MA JMC



**Athira G K**
Journalism and Mass Communication

# നീ...

ഞാൻ; ഈറനണിഞ്ഞ യുവ കന്യക


മനസ്സിലും, ശരീരത്തിലും...

പെണ്ണെന്ന വാക്കിൻറെ മറുവാക്ക്

മകളും, സഹോദരിയും, ഭാര്യയും, അമ്മയുമാകുമ്പോൾ

അമ്മയെന്ന വാത്സല്യത്തിന് പകിട്ടേകാൻ

മാറിലെ ചൂടില്ല, മാറില്ല...



നിൻറെ സ്പർശനം
എന്നെ തലോടുമ്പോൾ

ഞാൻ ഞാനാകുന്നു, നീയാകുന്നു...

ഈറനായ കണ്ണുകൾക്കൊപ്പവും, മനസ്സിനൊപ്പവും

നീ വന്നു...

കൂട്ടുകാരിയായ്... അമ്മയായ്... ഞാനായ്...

മുലപ്പാലിനായി കുഞ്ഞ് അലറിയപ്പോൾ

കണ്ണീർ തുടയ്ക്കാൻ വന്നതിനു നന്ദീ...

ദാഹത്തിനും ദേഹത്തിനും നീ ഉണ്ടായിരുന്നു...

നിൻറെ കണ്ണീരിൻറെ പുകച്ചിൽ ,ഇരുണ്ട മേഘമാകുമ്പോൾ

ഞാനും വരുന്നു... നീയായ്


അടർന്നു പോയ മാറിൻറെ വേദനയും,ദാഹിക്കുന്ന നെഞ്ചിൻറെ യാതനയും മറന്ന്...

കാരണം,
ഞാൻ നീയാണ്...
നീ ഞാനാണ്...

Akshaya.K
1st Year MA JMC

# അമ്മ

**അ**ന്ന് ഉറക്കമൊഴിച്ച് പഠിച്ച്
നേടിയതിനെല്ലാം ഇന്നൊരു
അടുക്കളയിൽ തളച്ചിടാനായിരുന്നു വിധി.



അമ്മയുടെ ഉദരത്തിൽ നിന്നും പുറത്തു
വരുന്നത് വരെ മാത്രമേ ഏതൊരു
പെണ്ണിനും പൂർണ്ണ സുരക്ഷയുള്ളൂ.

പെണ്ണിനേയും പ്രകൃതിയേയും നോവിക്കരുത്
അടക്കാനാവാത്ത സങ്കടം വന്നാൽ,
ഒരുനാൾ മൗനം കൊണ്ട് പ്രതികരിക്കുമ്പോൾ
ഒരുവൾ പ്രളയം കൊണ്ട് പ്രതികരിക്കും.

നമ്മൾ ജനിക്കും മുൻപു തന്നെ
ഭൂമിയിൽ നേരിടാൻ പോകുന്ന
എല്ലാ പ്രശ്നങ്ങൾക്കും ദൈവം അറിഞ്ഞു
തന്ന ഉത്തരമാണ് അമ്മ.

ഒറ്റയ്ക്ക് അടുക്കളയിൽ കയറി നോക്കണം
ആ ശൂന്യതയിൽ നിന്നും അമ്മയാരെന്ന
സത്യം.


അർച്ചന സുരേഷ്
1st BAJMC

# ചുവപ്പ്



എന്റെ അടിവയറിൻ വേരുകളിലൂടെ ഒഴുകിയെത്തിയ
ചുവപ്പിനെ... ഞാൻ പ്രണയിച്ചു.

പിന്നീട് അത് ഒരു വിപ്ലവമായി മാറിയിരുന്നു.
വസന്തവും,ശിശിരവും, വർഷവും,
ഋതുഭേദങ്ങളും എന്നെ തഴുകി തലോടി ഒഴുകി നടന്നു.

നീജ മനുഷ്യ ജന്മങ്ങൾ എന്നെ അശുദ്ധിയാക്കി.
ഇന്നു കാലങ്ങൾക്കിപ്പുറം എന്റെ വിപ്ലവം
അവസാനിച്ചിരുക്കുന്നു.

നീറിപ്പുകഞ്ഞുകൊണ്ട് എരിയുന്ന വേദന ഇന്നെന്റെ ശരീരത്തിന്
അന്യമായിത്തീർന്നിരിക്കുന്നു.

അതെ ഞാൻ ഉറക്കത്തിലായിരിക്കുന്നു...

Haritha. C
1st MAJMC

# രതികേളീ രുഗ്മിണീ



**കാ**ഴ്ച രണ്ടുതരമാണ്, കണ്ണിനാലും, ഉൾകണ്ണിനാലും. ഇവര ണ്ടിനേയും സ്ത്രിക്കു നേരെ തൊടുക്കുമ്പോൾ ഉൾക്കണ്ണുകൾക്ക് തന്റെ കാഴ്ചകളെ ഗ്രഹിക്കാനാകാറില്ല. അതുകൊണ്ടു തന്നെയാണ് സ്ത്രീകളെ വടിവൊത്ത മെയ്യഴകും മുടിയഴകും എന്നിങ്ങനെ കാവ്യങ്ങളിൽ വർണിക്കുന്നത്. സ്ത്രീക ളെ കണ്ടും രുചിച്ചുമെല്ലാം ആസ്വദിക്കാനുള്ള പ ഥാർത്ഥമായിട്ടാണ് ഏതൊരു സൃഷ്ടിയിലും ഒരു പരിധി വരെ പ്രതിഫലിപ്പിക്കുന്നത്. പൂതനാമോക്ഷത്തിൽപോലും മോഹിനീരൂപം സ്വീകരിച്ച രാക്ഷസ സ്ത്രീയുടെ ശരീര വർണന യിലൂടെ ആട്ടക്കഥ കടന്നുപോകുമ്പോൾ, അവയെ ആസ്വാദകന്റെ ആസ്വാദനത്തെ ഉത്തേജിപ്പിക്കാനുള്ള പൊടികൈകളായി സൃഷ്ടാവിന് വിശേഷിപ്പിക്കാം.

എന്നിരുന്നാലും മോഹിനിയുടെ അല്ലെങ്കിൽ പൂതനയുടെ മനോവികാരത്തെയോ ആവശ്യത്തെയൊ നേരിട്ട് പറയാതെ കൃഷ്ണനിഗ്രഹത്തിനായി അവളുടെ മാറിടങ്ങൾ പരീക്ഷിച്ച കംസനെ കഥ പറയുവാൻ ഉപ യോഗിക്കുന്നു. നളചരിതത്തിലും ഉത്തരാസ്വയംവ രത്തിലുമെല്ലാം ഇത്തരം വ്യാഖ്യാനങ്ങൾകാണാം. കൂടാതെ കാവ്യങ്ങളും ശ്ലോകങ്ങളും എടുത്തു പ രിശോധിച്ചാൽ ‘രതികേളീരുഗ്മിണീ’ എന്നിങ്ങനെയെല്ലാം കവി സ്ത്രീയെ വിശേഷിപ്പിക്കുന്നു. അവ വെറും ആലങ്കാരിക രൂപ മാണെങ്കിലും ആസ്വാദകന്റെ മനോദൗർഭല്ല്യത്തെ മുതലെടുക്കത്തക്ക മൂർച വാക്കുകൾക്കുണ്ട്. പുരാണ കർത്താക്കൾ പോലും സ്ത്രീ സൗന്ദര്യത്തെ ശാരീരിക വൽക്കരിക്കുന്നത് കാണാം. വർത്തമാന കാലത്തിലും കഥയിൽ പറയത്തക്ക മാറ്റമില്ലന്നതാണ് സത്യം. അവതന്നെയാണ് അവരെ കുങ്കുമാങ്കിതയും പങ്കജലോചനയായും അകത്തളത്തിൽ ഒളിക്കാൻ പ്രേരിപ്പിക്കുന്ന പ്രധാന ഘടകം. കാലമെത്ര കഴിഞ്ഞാലും ഭൂതകാലത്തിലടിച്ചേൽപ്പിക്കപ്പെട്ട സൃഷ്ടികളുടെ വർണനാ സങ്കൽപ്പങ്ങൾ സ്ത്രീ ജീവിതത്തിൽ അങ്ങിങ്ങായി പ്രതിധ്വനിക്കുന്നത് കാണാം.

**Vipin Kumar**
2nd Year MAJMC

# സ്ത്രീ സ്വപ്നങ്ങൾ

സ്വന്തം ആഗ്രഹങ്ങളും സ്വപ്നങ്ങളും മറച്ചു വെച്ച് പത്താം ക്ലാസ് കഴിഞ്ഞതോടെ അവൾ വീടിന ുള്ളിലെ നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങി കൂടി. അമ്മു എപ്പോഴും ചിന്തിക്കാറുണ്ട് കുറേക്കാലം പ ഠിച്ച് തൻറെ ജീവിതത്തിലെ രസകരമായ ജീവിത കാലത്തിലൂടെ കടന്നു പോകണമെന്ന്. എന്നാൽ സാമ്പത്തികമായി അത് നടന്നില്ല. കൂടാതെ അപ്പനും അമ്മയും പാടത്ത്ന്ന് വേല കഴിഞ്ഞ് വരുമ്പോൾ

അടുക്കള പണിയും ഊണും ആവണം. അനിയൻ സ്കൂൾ കഴിഞ്ഞ് വരുമ്പോഴേക്കും വൈകുന്നേരത്തെ പലഹാരങ്ങളും ആവണം. വൈകുന്നേരത്തെ തന്റെ അമ്മാവൻറെ വരവ് അവൾക്ക് ഇഷ്ടമല്ല. കാരണം പെ ണ്ണെന്നു പറഞ്ഞാൽ കെട്ടണം, കുട്ടികൾ ഉണ്ടാക്കണം അവർ ഒതുങ്ങിക്കൂടി ജീവിക്കുന്ന പെണ്ണാവണം എന്ന കാഴ്ചപ്പാടിന്റെ ഉടമസ്ഥനാണ്. പത്താം ക്ലാസ് നല്ല മാർക്കോടെ പാസായെങ്കിലും ഉന്നത വിദ്യാഭ്യാ സത്തിന് വീട്ടിൽ സമ്മതിക്കില്ല. അങ്ങനെ ഒരുനാൾ വീട്ടിൽ ഇരിക്കുമ്പോൾ കോഴ്സിനെക്കുറിച്ച് പറയാന ായി ഒരു ആൾ വീട്ടിലേക്ക് വന്നു. അതിനെക്കുറിച്ച് വി വരിക്കുകയും ചെയ്തു. എന്തായാലും പഠിച്ചാൽ മതി എന്ന ഭാവത്തോടെ അവൾ വീട്ടിലെ സമ്മതത്തി നായി നാളുകൾ കാത്തിരുന്നു.

ഒരുനാൾ അത് വീട്ടിൽ സമ്മതിക്കുകയും ചെയ്തു. പിറ്റേന്നാൾ തൊട്ട് അവൾ അത് പഠിക്കാനായി കു ടുംബശ്രീയിൽ നിന്നും ലോൺ എടുത്തു. അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ ലക്ഷ്യം ഐ.എ.എസ് ആയിരുന്നു. അവൾക്ക് പഠിക്കാൻ കിട്ടിയതോ തയ്യൽ. എന്നാൽ താൻ ഒരിക്കലും ഒതുങ്ങി കൂടില്ല എന്ന നിലയിൽ അവൾ അത് പരിശീലിക്കാൻ പേ ായി. എന്നാൽ ഉച്ചകഴിഞ്ഞ് വീട്ടിലെത്തിയതും തന്റെ അമ്മാവൻ കൊത്താൻ കാത്തിരിക്കുന്ന കഴുകനെ പ്പോലെ വീടിൻറെ ഉമ്മറത്തെ ചാരു കസേരയിൽ ഇരിക്കുന്നു. കൂടെ അച്ഛനും അമ്മയും. ആ നിൽപ്പ് തന്നെ അവൾക്ക് ഒരു പന്തികേട് തോന്നി. എന്നാല ും അവൾ അതൊന്നും കൂട്ടാക്കാതെ വീട്ടുമുറ്റത്തേക്ക് നടന്നു. പടിക്കൽ എത്തിയതും അമ്മാവൻറെ ശബ്ദം ഉയർന്നു. ഇന്നത്തോടെ എല്ലാം നിർത്തിയേക്ക് നാളെ ഒരു കൂട്ടർ കാണാൻ വരുന്നുണ്ട്. അതങ്ങ് സമ്മതിച്ച് പൊക്കോണം. അവൾ നേരെ അപ്പൻറെ മുഖത്തേക്ക് നോക്കി, അവർ ഒന്നും പറഞ്ഞില്ല. അമ്മയുടെ ഒരു മൂളലും. തിരിച്ചു പ്രതികരിക്കണം എന്നവളുടെ മനസ്സ് വെമ്പിയെങ്കിലും ഒന്നും പറയാൻ ആവാതെ അവൾ അകത്തോട്ട് കയറി ചെന്നു.



ആതിര
ഒന്നാം വർഷ ബിരുദം
മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേണലിസം

# A WOMAN

A strong woman is one who feels deeply and loves fiercely. Her tears flow just as abundantly as her laughter. A strong woman is both soft and powerful. She is both practical and spiritual. Strong women in her essence is a gift to the world. The strength of the women is not measured by the impact that all her hardships in life have had on her, but the strength of a woman is measured by the extent of her refusal to allow those hardships to dictate her and who she becomes. Be a strong women so your daughter will have a role model and your son will know what to look for in women when he is a man.



**JENEFER TESSA TITUS**
**1ST YEAR BA JMC**

# റപ്പായിയിൽ നിന്ന് ഭാവനയിലേക്ക്.....

*ഒരു കുഞ്ഞു ജനിക്കുമ്പോൾ സമൂഹം ചോദിക്കുന്നു*
***"ആണോ പെണ്ണോ!!!?"***

**ട്രാ**ൻസ് ജെൻഡർ എന്നു പറയുന്നത് ഒരുവിധത്തിൽ സാമൂഹികമായിട്ടുള്ള നിർണ്ണയിക്കപ്പെടലാണ്. ട്രാൻസ് ജെൻഡർ, ട്രാൻസ് സെക്ഷ്വൽ, എന്ന വാക്കുകൾ കേൾക്കുമ്പോൾ നമ്മളിൽ ഒട്ടുമിക്ക ആളുകളുടെയും നെറ്റി പലപ്പോഴും ചുളിയാറുണ്ട്. ട്രാൻസ് ജെൻഡർ വ്യക്തികളെ കാണുമ്പോൾ ഇപ്പോഴും നല്ലതല്ലാത്തൊരു മനോഭാവം ആണ് പലരിലും. വളരെ അധികം പ്രയാസമേറിയ അനുഭവങ്ങൾ അഭിമുഖീകരിച്ചുകൊണ്ടാണ് ഇന്ന് കാണുന്ന ഈ അഭിവൃദ്ധിയിലേക്ക് ഇവർ എത്തി നിൽക്കുന്നത്. അങ്ങനെ പലരും നിങ്ങളുടെ മുന്നിലൂടെ കടന്നു പോയിരിക്കാം. ശ്രദ്ധിക്കപ്പെടാതെ പോയ ഒരുപാട് ജീവിതങ്ങൾ നമുക്ക് ചുറ്റും ഉണ്ടാവില്ലേ! അങ്ങനെ ഒരു ജീവിതത്തെക്കുറിച്ച് അറിയാൻ ശ്രമിക്കാം. ഭാരമേറിയ അനുഭവങ്ങളെ അതിജീവിച്ച് ഇന്ന് ഒരു മനോഹരമായ ജീവിതത്തെ നേടിയെടുത്ത വ്യക്തിയാണ് ഭാവന സുരേഷ്. ഇരിങ്ങാലകുടയിലെ സാധാരണ ക്രിസ്



**"നിങ്ങളായിരിക്കുക എന്നത് യഥാർത്ഥത്തിൽ ഒരു വിപ്ലവകരമായ പ്രവർത്തിയാണ്. സമൂഹത്തിൽ നാമെല്ലാവരും സഹോദരന്മാരും സഹോദരിമാരും മനുഷ്യരുമാണെന്ന് മനസ്സിലാക്കാൻ ആളുകൾക്ക് എത്ര വർഷമെടുത്തു?"**

ത്യൻ കുടുംബത്തിൽ ജനിച്ച റപ്പായി എന്ന വ്യക്തിയിൽ നിന്നും ഭാവനയിലെക്കുള്ള ദൂരം അത്ര ചെറുതല്ലായിരുന്നു. അച്ഛനും അമ്മയും ആറു മക്കളും അടങ്ങിയ കുടുംബത്തിലെ അഞ്ചാമത്തെ മകനായി ജനിച്ച റപ്പായി മനസ്സുകൊണ്ട് ഒരു പെണ്ണാണ് എന്നറിഞ്ഞത് തന്റെ ഏഴാമത്തെ വയസ്സിൽ ആണ്. കുറേയേറെ അവഗണനകളും കളിയാക്കലുകളും അനുഭവിക്കേണ്ടി വന്നെങ്കിലും അതിലെല്ലാം ആശ്വാസമായി അമ്മയും അച്ഛനും കൂടെ നിന്നു. അതായിരുന്നു തൻറെ മനസ്സിൽ വളർന്നുകൊണ്ടിരുന്ന ഭാവന എന്ന പെൺകുട്ടിക്ക് കിട്ടിയ എറ്റവും വലിയൊരു ആശ്വാസ മാർഗം. തൻറെ സഹോദരങ്ങളിൽ നിന്നുപോലും പലതരത്തിലുള്ള കുറ്റപ്പെടുത്തലുകൾ കേൾക്കേണ്ടി വന്നെങ്കിലും സ്വന്തം അച്ഛനും അമ്മയും തന്നെ മനസ്സിലാക്കുന്നുണ്ടല്ലോ എന്ന ആശ്വാസത്തിലാണ് അവർ അവിടെ കഴിഞ്ഞിരുന്നത്. സ്വന്തം സുഹൃത്തുക്കളും നാട്ടുകാരും എല്ലാം മോശമായി കാണാൻ തുടങ്ങിയപ്പോഴും അവരതെല്ലാം സഹിച്ചു. പക്ഷേ കല്യാണ പ്രായം എത്തിയ തന്റെ സഹോദരികൾക്ക് താൻ കാരണം നല്ലൊരു ജീവിതം കിട്ടുന്നില്ല എന്ന കാരണത്താൽ ഭാവനയ്ക്ക് വീട് വിട്ട് ഇറങ്ങേണ്ടിവന്നു.

**"എന്റെ ജീവിതകാലം മുഴുവൻ, എന്റെ ലിംഗ പ്രാതിനിധ്യം അല്ലെങ്കിൽ ലൈംഗിക ആഭിമുഖ്യം, അല്ലെങ്കിൽ ആളുകൾ എന്നെക്കുറിച്ച് കരുതിയ കാര്യങ്ങൾ എന്നിവയ്ക്കായി ഞാൻ വിധിക്കപ്പെട്ടു."**

പിന്നീട് അവർ തമിഴ്നാട് സർക്കാരുമായി ഇടപെട്ടു. അങ്ങനെ 14 ജില്ലയിലെയും ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വർക്ക് സർജറി ചെയ്യാനുള്ള അനുമതി ലഭിച്ചു. പക്ഷേ കേരളത്തിൽ ഇത് കൊണ്ടുവന്നിരുന്നില്ല. അങ്ങനെ സർജറി ചെയ്യുക എന്ന ലക്ഷ്യത്തോടെ ഭാവന തമിഴ്നാട്ടിൽ എത്തിയെങ്കിലും ആ ഒരു സ്വപ്നത്തിലേക്ക് എത്തിച്ചേരാൻ ഇനിയും ഏറെ കടമ്പകൾ ഉണ്ടായിരുന്നു. 2 ലക്ഷം രൂപയോളം സർജറിക്ക് കെട്ടിവെക്കണം എന്നത് ഒരു പ്രയാസകരമായ സാഹചര്യം ആയിരുന്നു. ഇതിനായി അവർ മുന്നിൽ കണ്ട വഴി എത്തിചേർന്നത് ഭിക്ഷാടനത്തിൽ ആയിരുന്നു. 9 മാസത്തോളം ഭിക്ഷ ചെയ്തിട്ടാണ് രണ്ട് ലക്ഷം രൂപ അവർ സ്വരുക്കൂട്ടിയത്. അങ്ങനെ പതിനെട്ടാമത്തെ വയസ്സിൽ അവർ ലിംഗ ശസ്ത്രക്രിയ നടത്തി. ജീവിതത്തിലെ ഏറ്റവും വലിയ ബുദ്ധിമുട്ട് അനുഭവിച്ച നിമിഷം ഏതാണെന്നതിന്റെ അവരുടെ മറുപടി സർജറി എന്നായിരുന്നു. ആ ഒരു വേദനയുടെ നിമിഷങ്ങൾ ഇതുവരെയുള്ള ജീവിതത്തിൽ നിന്നും വേറിട്ടതായിരുന്നു. ചത്തു ജീവിച്ച നിമിഷങ്ങൾ ആയിരുന്നു പിന്നീട് ഉണ്ടായത്. തീർച്ചയായും റെസ്പെക്ട് ചെയ്യപ്പെടേണ്ടവരാണ് ട്രാൻസ് ജെൻഡേസ്. അവർ ആഗ്രഹിക്കുന്ന ലിംഗമാറ്റം സർജറിയിലൂടെ കൈവരിച്ച് എടുക്കുന്നുണ്ടെങ്കിലും അതിന്റെ സന്തോഷം അനുഭവിക്കാൻ പലപ്പോഴും അവർക്ക് കഴിയാതെ വരുന്നു. സമൂഹത്തിൽ അവർക്കു വേണ്ട അംഗീകാരം കിട്ടുന്നില്ല എന്നതാണ് ഏറ്റവും വലിയോരു കാരണം.


2017 ൽ ആണ് 377 ആക്ട് പിൻവലിക്കുന്നതിലൂടെ ട്രാൻസ്ജെൻഡേസിന് വസ്ത്രധാരണ മാറ്റുവാനുള്ള അവകാശം ലഭിക്കുന്നത്. ട്രാൻസ്ജെൻഡേഴ്സിനെ പൂർണമനസ്സോടെ ചേർത്തു നിർത്താൻ ഇപ്പോഴും മടി കാട്ടുന്നവരുണ്ട് സമൂഹത്തിൽ. പരിഹാസവും പുച്ഛവും നിറഞ്ഞ വട്ടപ്പേരുകളും പലപ്പോഴും ഇവരെ വിശേഷിപ്പിക്കാൻ ഉപയോഗിക്കാറുണ്ട്. ട്രാൻസ്ജെൻഡർ ആവുക എന്നത് ഒരു മാനസിക രോഗമല്ല. മിക്ക ട്രാൻസ് വ്യക്തികളും വിഷാദത്തിന് അടിമപ്പെടുകയോ ഉത്കണ്ഠ ബാധിക്കുകയോ സാമൂഹികമായ ഒറ്റപ്പെടലിന് വിധേയരാകുകയോ ചെയ്യാറുണ്ട്. താൻ സ്നേഹിക്കുന്നവർ തന്നെ നിരസിക്കുമോ എന്ന ഭയമാണ് ഈ വികാരങ്ങൾക്കു പിന്നിൽ.

ഒരുപാട് കഷ്ടപ്പാടുകൾ താണ്ടി ഭാവന ഇന്ന് ഒരു കുടുംബജീവിതം ഉണ്ടാക്കിയെടുത്തു. സുരേഷ് എന്ന വ്യക്തിയുമായി പ്രണയവിവാഹം കഴിഞ്ഞ് സന്തോഷമായ ഒരു ജീവിതം ഇന്ന വർക്കുണ്ട്. സ്വന്തമായി ഒരു വീട് എന്ന സ്വപ്നവും അവർ സാക്ഷാത്കരിച്ചു. ഇന്നത്തെ പുരോഗമന ചിന്തയിൽ അവർക്ക് വേണ്ട പരിഗണന കിട്ടുന്നുണ്ടെങ്കിലും ഇപ്പോഴും അവർ ആക്ഷേപിക്കപ്പെടാറുണ്ട്. പക്ഷേ ഭാവനയ്ക്ക് ഇപ്പോൾ ഇതിനൊന്നും ചെവി കൊടുക്കാൻ സമയമില്ല. തനിക്കു കിട്ടിയ ഈ ജീവിതത്തെ ആസ്വദിച്ചു കൊണ്ടിരിക്കുകയാണ് അവരിപ്പോൾ.

**അഞ്ജന**
എം.എ ജേർണലിസം രണ്ടാം വർഷം



# ദേവി



ചുമട് താങ്ങി ചോറ് വാർത്തു
നടുവ് താങ്ങി ജീവൻ വാർത്തു
കരി മണക്കുന്ന വിരലുകൊണ്ടൊരു
രുചി നുണയും കനവ് വാർത്തു.

ഉറക്കമില്ല രാത്രി താണ്ടി
ഒടുക്കമില്ലാ പകലു താണ്ടി
ചേല ചുറ്റി ചോട് വച്ച്
പെണ്ണൊരുത്തി നടക്കു പോയി

നിലവിളക്ക് നടക്കു വച്ച്,
മിഴികൾ നിറച്ച് വച്ച്
ദേവി നാമം ഉറച്ചു ചൊല്ലി
നട തുറന്നു, മണി കിലുങ്ങി
നടയിരുത്തിയ ദേവി പടിയിറങ്ങി.

ദേവി നാമം ഉരുവിട്ട പെണ്ണൊരുത്തിയെ
ചേർത്ത് നിർത്തി മാല ചാർത്തി
പൂർണയായ സ്വപുത്രിയെ
ദേവി കൂടെ കുടിയിരുത്തി.

അതുൽ പ്രതാപ്
ഒന്നാം വർഷം എം.എ ജേർണലിസം

# നൊമ്പരക്കാറ്റ്



**പു**റത്ത് മഴയുടെ മുന്നോടി എന്നപോലെ മഴക്കാർ മൂടിയിട്ടുണ്ട് അതുകൊണ്ടുതന്നെ ആളുകൾ മഴ നനയാതെ ഇരിക്കാൻ ടാർപോ വലിച്ചു കെട്ടാൻ തിരക്കുകൂട്ടുന്നു. പുറത്ത് ആരൊക്കെയോ വന്നുപോകുന്നു. ചിലർ അടക്കം സംസാരിക്കുന്നുണ്ട്, വിലപിക്കുന്നുണ്ട്. "എന്നാലും ഇനി ആ പെൺകൊച്ച് തനിച്ച് എന്തു ചെയ്യും" ആരോ ഒരാൾ പറയുന്നത് കേട്ടു.അത് ആരാണെന്നോ,തന്റെ കൂടെ നിൽക്കുന്നവർ ആരാണെന്നോ ശ്രദ്ധിക്കാൻ സാധിച്ചില്ല.കാതിൽ ഒരുതരം മനം അടപ്പിക്കുന്ന മൂളക്കം മാത്രം. കൺമുന്നിൽ കിടക്കുന്ന തന്റെ അച്ഛനും അമ്മയും .വിശ്വസിക്കാൻ സാധിക്കുന്നില്ല എല്ലാം ഒരു സ്വപ്നമായിരുന്നെങ്കിൽ എന്ന് വെറുതെ ചിന്തിച്ചു പോകുന്നു. മകളെ ജീവനുതുല്യം സ്നേഹിച്ചിരുന്ന തൻറെ അച്ഛനും അമ്മയ്ക്കും എങ്ങനെ തന്നെ ഇവിടെ ഒറ്റക്കാക്കി പോകാൻ സാധിച്ചു ? ഹാളിൽ ആ വെള്ളപുതച്ച ശരീരങ്ങൾക്കരികിൽ നിർവികാരയായി നിൽക്കുന്ന ഒരു പെൺകുട്ടി. അവളിൽ ജീവൻറെ കണിക ബാക്കിയാണെന്ന് തെളിയിക്കാൻ ഇടയ്ക്ക് ഒന്ന് കൺച്ചിമ്മുക മാത്രം ചെയ്യുന്നു. അവൾ ഒന്ന് കരയുന്നില്ല. മുന്നിൽ കിടക്കുന്നവരുടെ മുഖത്തേക്ക് മാത്രം നോക്കിനിൽക്കുന്നു.

"ഞങ്ങളോട് ക്ഷമിക്കു മോളെ" ഇടയ്ക്ക് ഒന്ന് അവരുടെ അധരങ്ങൾ അവളോടായി മൊഴിഞ്ഞുവോ? അറിയില്ല എന്താണെന്നും ഏതാണെന്നും തിരിച്ചറിയാൻ സാധിക്കുന്നില്ല.

"ബോഡി എടുക്കാറായി" ആരോ പറയുന്നത് കേട്ടു, അപ്പോൾ മാത്രം അവൾ അവരിൽ നിന്നും ദൃഷ്ടി മാറ്റി നോക്കി. കർമ്മങ്ങൾ എല്ലാം അവൾ യാന്ത്രികമായി ചെയ്തു. ചിതക്ക് തിരികൊളുത്താൻ നേരത്ത് മാത്രം അവൾ അലറിക്കരഞ്ഞു തനിക്ക് ഇനി ആരുമില്ല ജീവിതത്തിൽ ഒറ്റപ്പെട്ട് പോയിരിക്കുന്നു അത്രയും നേരം പിടിച്ചു വെച്ച മനസിലെ സങ്കർഷങ്ങളും സങ്കടങ്ങളുമെല്ലാം ഒരു അലറിക്കരച്ചിലിന്റെ രൂപത്തിൽ പുറന്തള്ളപ്പെട്ടു അപ്പോൾ അവിടെ തണുത്ത ക്കാറ്റ് തഴുകി പോയെങ്കിലും അതിന്റെ തണുപ്പിന് പോലും അവളെ ആശ്വാസിപ്പിക്കാൻ സാധിച്ചില്ല. ചുറ്റും ഉള്ളവർക്കും അവളുടെ അവസ്ഥയിൽ സങ്കടം തോന്നിപ്പോയി.

ദിവസങ്ങൾക്കടന്ന് പോകവെ ആ വീട്ടിൽ അവൾ തനിച്ച് ആയി. ശരീരം കൊണ്ട് പലരും അവൾക്കായി ആശ്വാസവാക്കുകൾ സാമിപ്യം നൽകി എങ്കിലും മനസ്സുകൊണണ്ട് ഒറ്റപ്പെട്ട് പോയിരുന്നു. പുറത്ത് പെയ്യുന്ന മഴയിലും ആഞ്ഞു വീശുന്നക്കാറ്റിലും അവളുടെ കണ്ണുകൾ ചെന്നു. മരിക്കുന്നതിന് തലേദിവസം വരെ അച്ഛനെ അമ്മയെ വിളിച്ചെങ്കിലും അവൾ ഒന്നും തന്നെ പറഞ്ഞിരുന്നില്ല. പതിവുപോലെ സന്തോഷത്തോടെ സംസാരിച്ചു. ഹോസ്റ്റലിൽ നിന്നും തിരിച്ചു വീട്ടിൽ എത്തിയപ്പോൾ കേട്ടത് അച്ഛനും അമ്മയും തന്നെ വിട്ട് പ്പോയി എന്നാണ്. ഒരുതരം മരവിപ്പായിരുന്നു. തന്നെ തനിച്ചാക്കി പോകാൻ മാത്രം എന്തായിരുന്നു പ്രശ്നം അറിയില്ല അല്ലെങ്കിലും മാതാപിതാക്കൾ അങ്ങനെ ആണല്ലോ പ്രശ്നങ്ങളും സങ്കടങ്ങളും പരമാവധി ഉള്ളിൽ ഒതുക്കി സ്വയം ഉരുകി ജീവിക്കും. ചിന്തകളിൽ പെട്ട് ഉഴറിയപ്പോൾ തനിക്ക് മുന്നിൽ ഒരു ചോദ്യം വന്നു, 'മുന്നോട്ട് ഇനിയെന്ത്"? ഒറ്റയ്ക്കുള്ള ഒരു ജീവിതം അച്ഛനും അമ്മയും ഇല്ലാതെ ശൂന്യത തന്നെയാണ്. അവരെപ്പോലെ ജീവിതത്തിൽ നിന്നും തോറ്റു പിന്മാറിയാ ലോ? ഒരു നിമിഷം അവളുടെ ചിന്തവ്യതിചലിച്ചു. പാടില്ല ഒരിക്കലും തോറ്റു പിന്മാറരുത് അച്ഛനും അമ്മയും ആഗ്രഹിച്ചത് പോലെ ആരെയും ആശ്രയിക്കാതെ ജീവിക്കാൻ പഠിക്കണം. ഇനിയുള്ള ജീവിതത്തിൽ ചിലപ്പോൾ ഒറ്റയ്ക്ക് ജീവിക്കേണ്ടി വരുന്ന ഒരു പെൺകുട്ടി കഷ്ടതകൾ നേരിടേണ്ടി വന്നേക്കാം. അതെല്ലാം മറികടക്കണം താൻ ഒരിക്കലും ഒറ്റയ്ക്കല്ല അച്ഛന്റേയും അമ്മയുടേയും മരിക്കാത്ത ഓർമ്മകൾ ഇന്നും എന്നും തനിക്ക് കൂടെയുണ്ട്

അതെ ജീവിക്കണം..... പുറത്ത് പെയ്യുന്ന മഴയിൽ നോക്കി അവളുടെ മനസ്സിനെ പാകപ്പെടുത്തുക ആയിരുന്നു. ഒരു ദിവസം കൊണ്ട് ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ പെൺകുട്ടിയിൽ ജീവിതത്തിന്റെ പുതിയ പ്രതീക്ഷകൾ നാമ്പിടുക ആയിരുന്നു.

അനുസ്മയ.എം


BA JMC

# IF YOU WERE A BOY!

---

Do you remember the time
When our friendship
Grew into love?
You told me
“If you were a boy
We could’ve lived together”
“If you were a boy
I could‘ve loved you forever”
I asked you
“Why a boy?”
“Isn’t it okay to be a girl?”

The next day
You were there with a big smile
On your face
And claimed
“It’s not okay for a girl to love a girl
That’s the truth and the fact”
I was all wrecked
And asked you
In a feeble voice
“Who said you so?”
“My mom”
And you added
“Sometimes our hearts lie”
And you walked away..
Apparently, my heart never lied
It was you who lied
Still, I love you
And I’m longing for you
Because I’m a human
Who follows her heart.



_Ayana Thomas_

P C-HDl walls.com

# അമ്മിണി മുതൽ
# രോഹിണി പ്രണാബ് വരെ...

മലയാള സിനിമയിലാണ് എക്കാലത്തെയും മികച്ച സ്ത്രീ കഥാപാത്രങ്ങളെ ചിത്രീകരിച്ചിരിക്കുന്നത്. നായകന് പ്രണയിക്കാനുള്ള വെറുമൊരു കഥാപാത്രം എന്നതിലുപരി അനീതികളോട് പൊരുതുന്ന, എതിർപ്പുകളെ അവഗണിക്കുന്ന, മാറ്റങ്ങൾക്കായി നിലകൊള്ളുന്ന എത്രയെത്ര സ്ത്രീ കഥാപാത്രങ്ങൾ.... വിവിധ കാലഘട്ടങ്ങളിലെ സ്ത്രീ കഥാ പാത്രങ്ങളിലൂടെ ഒരു യാത്ര.

എം.ടി- ഹരിഹരൻ കൂട്ടുകെട്ടിൽ പിറവി കൊണ്ട രണ്ട് പെൺകുട്ടികൾ. കാട്ടിലും മേട്ടിലും ചുറ്റികറങ്ങി നടക്കാൻ കൊതിക്കുന്ന നിഷ്കളങ്കരായ, കൗതുകം നിറഞ്ഞ, പ്രേക്ഷകരുടെ മനം നിറയ്ക്കുന്ന പ്രിയപ്പെട്ടവർ.

ആരണ്യകം സിനിമയിലെ അമ്മിണി... ആരണ്യകം അവളുടെ മാത്രം കഥയല്ല. എന്നാൽ ആ സിനിമ അവളിലൂടെ മാത്രമേ കാണാൻ കഴിയുള്ളൂ. ധാരാളം കത്തുകൾ എഴുതുന്ന, എന്നാൽ അതൊന്നും ആർക്കും അയക്കാത്ത, ഒരുപാട് പുസ്തകങ്ങൾ വായിക്കുന്ന, ഒറ്റക്ക ഇരിക്കാൻ ഇഷ്ടപ്പെടുന്ന, ഒറ്റക്ക് സംസാരിക്കുന്ന, ഒറ്റക്ക് യാത്ര ചെയ്യുന്ന, മനസ്സിൽ തോന്നുന്നതെല്ലാം തുറന്നു പറയുന്ന, സംശയങ്ങൾ ആരായുന്ന, കാടും മേടും ഓടി ചാടി നടന്ന് ആസ്വദിക്കുന്ന അമ്മിണി. ആ കാലഘട്ടത്തിൽ അമ്മിണി എന്ന കഥാപാത്രം ഒരു തരത്തിൽ വിപ്ലവം തന്നെയായിരുന്നു. നാട്ടുഭാഷയിൽ കിറുക്ക് പിടിച്ചവൾ.

ബാധ ഉണ്ടെന്നും ഭ്രാന്താണെന്നുമൊക്കെ തോന്നിപ്പിക്കുന്ന ഭാവനയിലൂടെ അദൃശ്യശക്തികളുടെ ലോകത്ത് നമ്മളെ കൊണ്ടുപോകുന്ന ജാനകിക്കുട്ടി. മുത്തശ്ശി പറഞ്ഞ യക്ഷിക്കഥകൾ കേട്ട് കുഞ്ഞാത്തോലിന്റെ കൂട്ടുകാരിയായി മാറിയ കുട്ടി. വട്ടക്കണ്ണടയും, കാപട്യങ്ങൾ ഇല്ലാത്ത ചിരിയും നിഷ്കളങ്കമായ നോട്ടങ്ങൾ കൊണ്ടും മനസ്സ് കീഴടക്കിയ എന്ന് സ്വന്തം ജാനകിക്കുട്ടി.





1991ൽ സിദ്ദിഖ്-ലാൽ കൂട്ടുക്കെട്ടിൽ പിറന്ന മലയാളത്തിലെ എക്കാലത്തെയും മികച്ച ചിത്രമായ ഗോഡ്ഫാദറിലെ ആനപ്പാറ അച്ചാമ്മ എന്ന കഥാപാത്രം മലയാള സിനിമയിലെ എണ്ണം പറഞ്ഞ പ്രതിനായികാ കഥാപാത്രങ്ങളിൽ ഒന്നാണ്. ഫിലോമിന അവതരിപ്പിച്ച അച്ചാമ്മ എന്ന കഥാപാത്രം തന്റെ കുടുംബശത്രുക്കളെ തകർക്കാൻ സ്വന്തം പേരക്കുട്ടിയെ ഉപയോഗിക്കുന്ന ബുദ്ധി അവരുടെ പകയുടെ അങ്ങേയറ്റമാണ് കാണിക്കുന്നത്. അഞ്ഞൂറാൻ അയാളുടെ 5 ആൺമക്കളുടെ ശക്തി കാണിക്കുമ്പോഴും അവരുടെ മുന്നിൽ ഒട്ടും പതറാതെ പെണ്ണിന്റെ ശക്തി കാട്ടുന്ന അച്ചാമ്മ മലയാള സിനിമയിലെ മികച്ച ഒരു സ്ത്രീകഥാപാത്രമാണ്.

മാധവിക്കുട്ടിയുടെ നഷ്ടപ്പെട്ട നീലാംബരി എന്ന കഥയെ ആസ്പദമാക്കി ലെനിൻ രാജേന്ദ്രൻ ഒരുക്കിയ മഴയിലെ ഭദ്ര. കൗമാരക്കാലത്ത് തന്റെ സംഗീതാദ്ധ്യാപകനെ പ്രണയിച്ച ഭദ്രയെ സംയുക്താ വർമ മികച്ച രീതിയിൽ അവതരിപ്പിച്ചു. മോഹിച്ച ജീവിതം പ്രിയപ്പെട്ടവനോടൊപ്പം ജീവിച്ചു തീർക്കാൻ കഴിയാതെ വന്ന ഭദ്ര. ഒരു മഴ പോലെയാണ് ഭദ്രയുടെ പ്രണയവും. ഒടുവിൽ മറ്റൊന്നും മോഹിക്കാതെ തനിക്കായി നീലാംബരി രാഗം മാത്രം പാടാമോ എന്ന് ശാസ്ത്രിയോട് ആവശ്യപ്പെടുന്ന ഭദ്രയിൽ എല്ലാം അലിഞ്ഞു തീരുന്നു.



ശ്രീനിവാസന്റെ തിരക്കഥയിൽ പ്രിയദർശൻ സംവിധാനം ചെയ്ത മിഥുനം എന്ന ചിത്രത്തിലെ സുലോചന പുനർവായന ആവശ്യപ്പെടുന്ന കഥാപാത്രമാണ്. സേതുമാധവനെ പ്രണയിച്ച് അയാൾ കത്തുകളിലൂടെ വാഗ്ദാനം ചെയ്ത ജീവിതം സ്വപ്നം കണ്ട് വീട്ടുകാരെ ഉപേക്ഷിച്ച് അയാളോടൊപ്പം ഇറങ്ങി വന്ന സുലോചനയെ കാത്തിരുന്നത് അവൾ സ്വപ്നം കണ്ട ജീവിതമായിരുന്നില്ല. സ്നേഹത്തോടെ ഒന്ന് സംസാരിക്കാത്ത, എപ്പോഴും തിരക്കുകൾ മാത്രമുള്ള, മധുവിധുവിന് കുടുംബക്കാരെയടക്കം കൊണ്ടുപോയി ലാഭം കാണുന്ന, പ്രിയസുഹൃത്തിന്റെ കല്യാണത്തിന് സഹായിയെ ഭാര്യയുടെ ഒപ്പം അയക്കുന്ന, അവളുടെ ആവശ്യങ്ങൾ എന്തൊക്കെയാണെന്നു പോലും ചോദിക്കാത്ത സേതു സുലോചനയെ സ്നേഹിച്ച് സ്നേഹിച്ച് കൊല്ലുന്ന ഭാര്യയെന്ന് കുറ്റപ്പെടുത്തുന്നതും കാണാൻ കഴിയുന്നുണ്ട്. ഒടുവിൽ ചെയ്യാത്ത തെറ്റിന് മാപ്പ് പറയുന്ന സുലോചനയെ കണിക്കുന്നതോടുകൂടി ചിത്രം ശുഭപര്യവസായിയായി മാറുന്നു.




2014ൽ പുറത്തിറങ്ങിയ ബാംഗ്ലൂർ ഡേയ്സിലെ കൽപ്പന അവതരിപ്പിച്ച കുട്ടന്റെ അമ്മയെ ആരും മറക്കില്ല. പരിഷ്കാരം തേടിപ്പോകുന്ന ഒരമ്മയായിട്ടാണ് അവരെ കാണിച്ചിരിക്കുന്നത്. എന്നാൽ ഇത്രയും കാലത്തെ ജീവിതത്തിനിടയിൽ തനിക്ക് ലഭിച്ച സ്വാതന്ത്യം ആഘോഷിക്കുകയാണ് അവർ. പട്ടണത്തിൽ എഞ്ചിനിയർ ആണെന്ന് പറഞ്ഞ് വിവാഹം കഴിച്ച ഭർത്താവിന്റെ കൂടെ ശ്വാസം മുട്ടിയുള്ള ജീവിതത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള കുട്ടന്റെ അമ്മയുടെ യാത്ര കൂടെയാണ് ബാംഗ്ലൂർ ഡേയ്സ് പറയുന്നത്.

താൻ നടത്തുന്ന ഷെൽട്ടർ ഹോമിലെ കുട്ടികളെ സെക്സ് റാക്കറ്റിൽ നിന്ന് രക്ഷിക്കാൻ ഗോവയിലേക്ക് പോകുന്ന രോഹിണി പ്രണാബ് ന്യൂ ജനറേഷൻ സിനിമകളിലെ ശക്തമായ സ്ത്രീ കഥാപാത്രങ്ങളിൽ ഒന്നാണ്. രോഹിണി പ്രണാബ് തീയാണ്... സ്നേഹത്തിന്റെ തീ... നീതികേടുകൾ കാണുമ്പോൾ പ്രതികരിക്കുന്ന തീ... ചിത്രത്തിന്റെ അവസാനം വാൻ പൊട്ടിത്തെറിക്കുന്നത് ഇമവെട്ടാതെ നോക്കിനിൽക്കുന്ന രോഹിണിയുടെ ക്ലോസപ്പ് ഷോട്ടിൽ അവരുടെ സ്നേഹവും പ്രതികാരവും എല്ലാം തീയായി കാണാൻ കഴിയും.



ഇപ്പറഞ്ഞവ കൂടാതെ  ഒട്ടേറെ മികച്ച സ്ത്രീ കഥാപാത്രങ്ങൾ മലയാളസിനിമയിൽ ഇനിയുമുണ്ട്. വരും കാലങ്ങളിൽ ഇതിലും മികച്ച കഥാപാത്രങ്ങൾ വീണ്ടും ഉണ്ടാകട്ടെ....

**ദിവ്യ ശിവപ്രസാദ്**
എം.എ ജേർണലിസം രണ്ടാം വർഷം



ഇനി എനിക്കൊരു യാത്ര പോണം.
നിറയെ പൂക്കളും മഞ്ഞും വിരിയണ
എന്റെ കിനാവിന്റെ താഴ്‌വരയിൽ.
അമ്മ കരയരുത്, അവിടെ ഞാൻ
ഞാനായിരിക്കും.
ഉറക്കെച്ചിരിച്ച് വർത്തമാനം പറഞ്ഞ്,
മരം കയറി, പേരക്കാപൊട്ടിച്ച്...
അരുതമ്മേ, ഇനിയും കരയരുത്.
അവിടെ ഞാൻ തനിച്ചല്ലന്നറിയുക.
എന്നെപോലെ സ്വപ്നങ്ങൾ
ശ്വാസംമുട്ടിച്ചുകൊന്ന
ആയിരമായിരം
പെൺകിടാങ്ങളുണ്ടിവിടെ.
അടിമത്വത്തിന്റെ, ഭീരുത്വത്തിന്റെ,
സഹനത്തിന്റെ ചങ്ങല
പൊട്ടിച്ചെറിഞ്ഞ്
ഞങ്ങളവിടെ പാറിപ്പറക്കും.
ഞങ്ങളുടെ നഗ്നശരീരത്തിൽ
സ്വാതന്ത്ര്യത്തിന്റെ കാറ്റടിക്കും.
ഇനിയും വൈകിയിട്ടില്ലമ്മേ,
അമ്മതൻ കാലിലെ ചങ്ങലയും
ദൂരെയെറിയൂ...
നമ്മുടെ ചങ്ങലകൾ ബലഹീനമാണ്,
അവ മിഥ്യകളാണെന്നും തിരിച്ചറിയു.
ഇനിയും വൈകിയിട്ടില്ല.
അമ്മേ, കണ്ണുതുടച്ച് ആ
ചന്ദനത്തിരികൾ കെടുത്തുക.
എനിക്ക് ശ്വാസം മുട്ടുന്നു.
ഞാൻ യാത്രയിലാണ്.

ഹണി ജേക്കബ്



# പ്രണയത്തിന്റെ അന്ത്യപ്രലോഭനങ്ങൾ

## പ്രമിത.പി.എസ്

ഞാൻ വെറുക്കാത്തതും എന്നാൽ വെറുക്കപ്പെടാൻ അനുവദിക്കാത്തതുമായ അന്നകരെനിന. പ്രണയ പ്രലോഭനത്തിലേക്ക് വീണ പതിമൂന്ന് വയസ്സുകാരന്റെ അമ്മയായ, കരെനിന്റെ ഭാര്യയായ വ്രോൺസ്കിയുടെ പ്രണയിനിയായ, അന്ന.ലിയോ ടോൾസ്റ്റോയുടെ മാനസപുത്രി .കരുതലിന്റെ അഭാവമാണ് അന്നയെ വ്രോൺസ്കിയുമായുള്ള ബന്ധത്തിനു പ്രേരിപ്പിച്ചത് എന്ന് പറഞ്ഞാൽ ഞാൻ അതിനെ തിരസ്കരിക്കും.തന്റെ ഇളയതായ ചെറുപ്പക്കാരനിൽ ആകൃഷ്ടയാകാൻ അന്ന തയ്യാറെടുത്തത് മരണത്തിലും അവസാനിക്കാത്ത പ്രണയത്തിെ പ്രലോഭനം മാത്രമാണ

അന്നയെ മുൻനിർത്തി വിവാഹേതര ബന്ധങ്ങൾ വിലയിരുത്തിയാൽ ഇന്നത്തെ സമൂഹം കരുതലിന്റെ അഭാവത്തിൽ ആകാം ഒരുപാട് സ്നേഹങ്ങൾ തേടുന്നത്.അർഹിക്കാത്ത ഹിതം ആണോ അവിഹിതം?.ലിയോ ടോൾസ്റ്റോയിയെ സംബന്ധിച്ചിടത്തോളം അന്നാകരെനീന തന്നെക്കാൾ ഇരുപത് വയസ്സ് പ്രായം കൂടിയ ഭർത്താവിനൊപ്പം ജീവിക്കുകയും സ്വന്തം സ്വത്വത്തിന്റെ പ്രതിസന്ധികളാൽ ഉഴന്നു മറ്റൊരാളുമായി പ്രേമത്തിൽ കുടുങ്ങി ഒളിച്ചോടുകയും ഒടുവിൽ ആത്മഹത്യ ചെയ്ത അന്നാ കരെനീനയുടെ കഥയിലൂടെ ബഹുരൂപിയായ ഒരു ജീവിതദർശനവും സാമൂഹിക ദർശനവും ടോൾസ്റ്റേഅവതരിപ്പിച്ചു.

അന്ന മാത്രമായി ഒതുങ്ങുന്നില്ല ദുരന്തനായികമാർ. ഒരു ബന്ധത്തിൽ നിന്ന് മറ്റൊന്നിനെ ഉത്തേചിപ്പിക്കുന്ന മാനസികാവസ്ഥകളുടെ വൈകല്യം തിരിച്ചറിയാൻ കാലം പോലും വൈകുകയാണ്. അന്നക്ക് ആദ്യ ബന്ധം വിച്ഛേദിച്ച് അടുത്ത പുരുഷന്റെ അരികിലേക്ക് പോകാമായിരുന്നു. പക്ഷെ ഇരു പുരുഷൻമാരിലും വൈകാരികത തോന്നുന്ന മനസാവം അന്നാകരെനിനയുടേത്. ഇത്തരം ചിന്താ ശേഷികളുടെ തെറ്റും ശരിയും കാണാൻ സമൂഹം നിൽക്കുമ്പോൾ അർഹിക്കാത്ത ഹിതങ്ങളുടെ കണക്കുകൾ കേൾക്കപെടുമ്പോൾ ഞാൻ അന്നയെ ഓർക്കും. ടോൾസ്റ്റോയുടെ മനസപുത്രിക്ക് മരണത്തിലും അവസാനിക്കാത്ത പ്രണയ പ്രലോഭനം കൊടുത്ത ദുരന്തം.

പതിനേഴു വയസിൽ ഞാൻ അന്നയെ അറിഞ്ഞപ്പോളുള്ള ഭാവം അല്ല നാല് വർഷങ്ങൾക്ക് ഇപ്പുറം ഞാൻ തുളസിയെ അറിഞ്ഞപ്പോൾ കെ.ആർ മീരയുടെ ശക്തത ഏറിയ കഥപത്രം ജീവിതാവസാനം വരെയും ഏക പുരുഷനെ സ്നേഹിച്ച സ്ത്രീ. കേവലം ലൈംഗീത മാത്രമല്ല ഇവയുടെ ഒന്നും അവസാനം. ഇണ ചേരലുകൾ മാറ്റി നിർത്തിയാൽ സ്നേഹിക്കുന്ന ഹൃദയങ്ങൾ ആവാം പ്രണയിക്കുന്ന മുഖങ്ങൾ ആകാം. ചില സന്ദർഭങ്ങളിൽ കരുതലിന്റെ അഭാവങ്ങൾ പല ബന്ധങ്ങളിലേക്ക് മനുഷ്യനെ നയിക്കും. വ്രോൺസ്കി എന്ന ചെറുപ്പക്കാരനെ ഉപേക്ഷിച്ചു പോകാൻ ഒരിക്കലും അന്ന എന്ന സ്ത്രീ തയ്യാറയില്ല ,പകരം മരണത്തിനു കീഴടങ്ങാനായിരുന്നു അവൾ തീരുമാനിച്ചത്

താൻ തന്നെ ചെയ്തതിൻ കർമ്മഫലം എന്ന പോലെ വ്രോൺസ്കിയുടെ പരസ്ത്രീ ബന്ധത്തെ ക്കുറിച്ചോർത്ത് വ്യാകുലപ്പെട്ടാണ് അന്ന ആത്മഹത്യ ചെയ്തത്. നോവലിൽ ഏറ്റവും അധികം വൈകാരികത തോന്നുന്നതും നിസ്സഹായനായി നിൽക്കുന്നതുമായ കഥാപാത്രമാണ് കരെനിൻന്റെത്.സ്വന്തം ഭാര്യ കാമുകന്റെ കൂടെ പോകുന്നതും,നാട്ടുക്കാരുടെ അടക്കം പറച്ചിലും,മകന്റെ ഒറ്റപ്പെടലും അയാളെ ഏറെ വിഷമത്തിലാഴ്ത്തി.ഒടുവിൽ അന്നയുടെ ആത്മഹത്യയും വ്രാൺസ്കിയുടെ മാനസിക തകർച്ചയും അയാളിലെ നല്ല മനുഷ്യനെ വായനക്കാർക്ക് തിരിച്ചറിയാൻ അവസരം ഒരുക്കി.അന്നക്കും വ്രോൺസ്കിക്കും ജനിച്ച മകളെ കരെനിൻ എന്ന മനുഷ്യൻ ഏറ്റെടുത്തു വളർത്തി.

റഷ്യൻ മെസഞ്ചറിൽ അന്നകരെനിന പ്രസിദ്ധീകരിച്ചപ്പോൾ അടക്കാനാവാത്ത ജിജ്ഞാസയോടെയാണ് ആളുകൾ ഓരോ ലക്കത്തിനുമായി കാത്തിരുന്നത്.

ദസ്തയോവെസ്കി ഈ നോവലിനെ പറ്റി ഇങ്ങനെ പറയുന്നു .ഒരു കലാസൃഷ്ടിയെന്ന നിലയിൽ അന്നകരെനിന പരിപൂർണ്ണമാണ് .യൂറോപ്യൻ സാഹിത്യത്തിൽ ഇതിനോട് കടപിടിക്കുന്നതുമായി മറ്റൊന്നുമില്ല.



**ഒരു കലാസൃഷ്ടിയെന്ന നിലയിൽ അന്നകരെനിന പരിപൂർണ്ണമാണ് .യൂറോപ്യൻ സാഹിത്യത്തിൽ ഇതിനോട് കടപിടിക്കുന്നതുമായി മറ്റൊന്നുമില്ല.**

**ദസ്തയോവെസ്കി**

# വേദന



അടിവയറിന്റെ താഴേക്ക് ശരീരം പിളർന്ന പോലെ
കാലുകൾക്ക് ശക്തിയില്ലാതാക്കുന്നു
തല പൊളിയുന്നപോലെ
ദേഹമെല്ലാം വിറക്കുന്നു
വയറ്റിലാരോ വരിഞ്ഞു മുറുക്കുന്ന പോലെ
വല്ലാതെ വേദനിക്കുന്നു.
കാലുകൾക്കിടയിലൂടെ രക്തമൊഴുകുന്നു..
അച്ഛനെന്തേ എന്നെ വാരിപുണരാത്തൂ?
അമ്മേ ഞാൻ മരിക്കാറായിരിക്കുന്നു.

പൊന്നു കുഞ്ഞേ കളി പറയാതെ ,
നീ സ്ത്രീയായിരിക്കുന്നു
വേദനയുടെ നാളുകളിലേക്ക് സ്വാഗതം .
ഇനി മുതൽ പരിമിതികൾക്കുള്ളിൽ നിന്ന് സ്വപ്നം കാണാം.
മാസാമാസം വേദനകളറിയാം , അയിത്തമറിയാം !

Arunima
1st year MA JMC

# വിവേചനത്തിന്റെ പേരോ ആർത്തവം

**"ലിംഗസമത്വത്തിലേക്കുള്ള യാത്ര ഇനിയും ഒരുപാട് അകലെയാണെന്നതിന്റെ ഓർമ്മപ്പെടുത്തലാണ് സ്ത്രീകൾ നേരിടുന്ന ഓരോ അസമത്വങ്ങളും.''**

മനുഷ്യ ജീവന്റെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ആർത്തവം എന്ന പ്രക്രിയയെ നമ്മുടെ സമൂഹം എങ്ങനെ നോക്കി കാണുന്നു എന്നത് ഈ കാലഘട്ടത്തിലും ചിന്തിക്കേണ്ടതായുണ്ട്. ശാസ്ത്രീയമായി പറഞ്ഞാൽ സ്ത്രീയുടെ ശരീരത്തിൽ എല്ലാ മാസവും അണ്ഡോല്പാദനം നടക്കുകയും ശേഷം ബീജസങ്കലനത്തെ പ്രതീക്ഷിച്ചുകൊണ്ടുള്ള മാറ്റങ്ങൾ അവളുടെ ആമാശയത്തിലും ഗർഭപാത്രത്തിലും ഉണ്ടാകുന്നു. ബീജസങ്കലനം നടക്കാത്ത സാഹചര്യത്തിൽ യോനിയിലൂടെ ഗർഭപാത്രത്തിന്റെ ഉള്ളിലെ പാളിയായ എൻഡോമെട്രിയം പുറത്തേക്ക് എത്തുന്ന അവസ്ഥയാണ് ആർത്തവം.

ശരീരത്തിൽ നടക്കുന്ന മറ്റ് ഏതൊരു പ്രക്രിയയും പോലെ സാധാരണമായ ആർത്തവത്തെ നമ്മുടെ സമൂഹം ഏതെല്ലാം തരത്തിൽ ആശുദ്ധമായ അവസ്ഥയായും അയിത്തം കല്പിച്ചും അവളെ അകറ്റിനിർത്തുകയാണ്. സ്ത്രീയോട് കല്പിച്ച ആശുദ്ധിയുടെയും വിവേചനത്തിന്റെയും പേരായിമാറിയ ആർത്തവം കേവലം മനുഷ്യ വിസർജമോ ദഹന പ്രവർത്താമോ പോലെ സ്വാഭാവിക പ്രവർത്തനമായി കണക്കാക്കേണ്ടതാണ് നാം എന്ന് തിരിച്ചറിയുക.


സ്ത്രീ ശരീരത്തിൽ സംഭവിക്കുന്ന ആരോഗ്യത്തിന്റെയും വളർച്ചയുടെയും, ഒരു സൂചന നൽകലായിട്ടാണ് നാം ആർത്തവത്തെ മനസ്സിലാക്കേണ്ടത്. 'ലിംഗസമത്വത്തിലേക്കുള്ള യാത്ര ഇനിയും ഒരുപാട് അകലെയാണെന്നതിന്റെ ഓർമ്മപ്പെടുത്തലാണ് സ്ത്രീകൾ നേരിടുന്ന ഓരോ അസമത്വങ്ങളും.'

മനുഷ്യ ജീവന്റെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ആർത്തവം എന്ന പ്രക്രിയയെ നമ്മുടെ സമൂഹം എങ്ങനെ നോക്കി കാണുന്നു എന്നത് ഈ കാലഘട്ടത്തിലും ചിന്തിക്കേണ്ടതായുണ്ട്.
ശാസ്ത്രീയമായി പറഞ്ഞാൽ സ്ത്രീയുടെ ശരീരത്തിൽ എല്ലാ മാസവും അണ്ഡോല്പാദനം നടക്കുകയും ശേഷം ബീജസങ്കലനത്തെ പ്രതീക്ഷിച്ചുകൊണ്ടുള്ള മാറ്റങ്ങൾ അവളുടെ ആമാശയത്തിലും ഗർഭപാത്രത്തിലും ഉണ്ടാകുന്നു.
ബീജസങ്കലനം നടക്കാത്ത സാഹചര്യത്തിൽ യോനിയിലൂടെ ഗർഭപാത്രത്തിന്റെ ഉള്ളിലെ പാളിയായ എൻഡോമെട്രിയം പുറത്തേക്ക് എത്തുന്ന അവസ്ഥയാണ് ആർത്തവം.

ശരീരത്തിൽ നടക്കുന്ന മറ്റ് ഏതൊരു പ്രക്രിയയും പോലെ സാധാരണമായ ആർത്തവത്തെ നമ്മുടെ സമൂഹം ഏതെല്ലാം തരത്തിൽ ആശുദ്ധമായ അവസ്ഥയായും അയിത്തം കല്പിച്ചും അവളെ അകറ്റിനിർത്തുകയാണ്.
സ്ത്രീയോട് കല്പിച്ച ആശുദ്ധിയുടെയും വിവേചനത്തിന്റെയും പേരായിമാറിയ ആർത്തവം കേവലം മനുഷ്യ വിസർജമോ ദഹന പ്രവർത്താമോ പോലെ സ്വാഭാവിക പ്രവർത്തനമായി കണക്കാക്കേണ്ടതാണ് നാം എന്ന് തിരിച്ചറിയുക.

സ്ത്രീ ശരീരത്തിൽ സംഭവിക്കുന്ന ആരോഗ്യത്തിന്റെയും വളർച്ചയുടെയും, ഒരു സൂചന നൽകലായിട്ടാണ് നാം ആർത്തവത്തെ മനസ്സിലാക്കേണ്ടത്. 'ലിംഗസമത്വത്തിലേക്കുള്ള യാത്ര ഇനിയും ഒരുപാട് അകലെയാണെന്നതിന്റെ ഓർമ്മപ്പെടുത്തലാണ് സ്ത്രീകൾ നേരിടുന്ന ഓരോ അസമത്വങ്ങളും.'

സായൂജ് ശശികുമാർ
2nd MAJMC



# CHAINED OR TO BE..

*She was a girl with dreams*
*Untill she realises her real frames*
*Life hits her with decision*
*She was forced on occasion*

*She buried her dreams in tear*
*And bows before fate in fear*
*She's forced to change her habit*
*And start's revolve in an orbit*

*She is just a toy with a string*
*Pushed and pulled by others*
*Her knives aren't sharp enough to*
*cut the string*
*However, still searching for a*
*whetstone that yet to discover*

ADHITH NARAYAN

1st Year BA Econometrics and Data Management

# പ്രിയപ്പെട്ട കാമുകി,

ഇന്ന് രാത്രി ഞാൻ നിന്നെ പ്രേമിക്കട്ടെ
എന്നിലേക്ക് പടർന്ന് കയറാൻ
നിനക്കൊരു നോട്ടം മതിയായിരുന്നു.
അന്ന് നീ എല്ലാം മറന്നെന്റെ ചുണ്ടിലമർത്തി ചുംബിച്ചപ്പോൾ
നമ്മുടെ പാവാടകൾ തമ്മിലുടക്കിയത് പോലും
നീയറിഞ്ഞിരുന്നില്ല

ചുഴുന്ന് നോട്ടങ്ങളില്ലാത്തൊരീ രാത്രിയിൽ
നമുക്കെങ്ങനെ തുടങ്ങാം
കടൽ മുനമ്പുകളിലേക്ക് പോകാം
അവിടെ നിന്ന് നീലിമ തേടാം,
കൈ പിടിക്കാം, തെന്നിവീണാൽ
മലക്കം മറിയാം, മരം കയറാം

ഈ രാത്രി നീ എന്റെ കാതലാവുക,
പ്രണയത്തിന്റെ മധുരം നുകർന്ന് നീയും ഞാനും
മാത്രമാകുന്ന മറ്റൊരു ശിഖരത്തിലേക്ക് സഞ്ചരിക്കാം.
മണ്ണിൽ മലർന്ന് കിടന്ന് മാനം കാണാം,
എത്ര നക്ഷത്രങ്ങൾ നിന്നെ നോക്കിചിരിച്ചെന്ന് എണ്ണി
നേക്കാം,

അവസാനം ഉടുപ്പിൽ പറ്റിപിടിച്ച പൊടി നീ തൂക്കുമ്പോൾ
നിറക്കൂട്ടുകൾ ചാലിച്ച ചമയങ്ങളെ സ്നേഹിക്കുന്ന
എന്നെയും എന്റെ പ്രണയത്തെയും നിനക്ക്
എന്ത് പേര് വേണമെങ്കിലും വിളിക്കാം,
ഇന്നീ രാത്രി അവസാനിക്കുമ്പോൾ
നാളെ നീ നീയാകുന്നു....ഞാൻ ഞാനും....
ഒന്നു പുണരാനോ ചുംബിക്കാനോ കഴിയാതെ....



സ്നേഹ രഘുനാഥൻ സി
2nd Year MA JMC

*ചിത്രം കടപ്പാട്;* ഗോർഡൻ പണ്ട്

# WRECKED LIFE

**She had that beautiful curly hair**
**With a soft smile**
**where she hides everything that has to be spoken**
**She had these small eyes,**
**Where she hides her tears.**
**She had this wide heart,**
**Where she accepts all the hate and grudge.**
**She was her,**
**Who accepts everything and lives without a soul.**
**She was her,**
**Who accepts fate and thought it was all her fault.**
**She was her,**
**Who loves everyone even if they give she is heartbroken.**
**She was her,**
**Who is strong but didn’t understand her strength.**

**She wants to be free but they set fire to her wings,**
**She wanted to run away but they chained her,**
**She wanted to scream out loud but they made her shut up,**
**She wanted to live her life but they made her taste hell.**

Parvathi V
1st year MA JMC

# മലയാള സിനിമ, സ്ത്രീ, സമത്വം

**" നിന്റെ തല്ലും തൊഴിയും കൊള്ളാനും, മക്കളെ പെറ്റു വളർത്താനും, കാൽക്കൽ ഇരുന്നു കരയാനും അനുരാധക്ക് സൗകര്യം ഇല്ല... "**



**So, Let's #BreakUp!**

**1895**ൽ ഫ്രാൻസിൽ ഉത്ഭവം കൊണ്ട സിനിമ എന്ന മഹാപ്രതിഭാസം ഇന്ന് നൂറ്റാുകൾക്കിപ്പുറം പുതിയ നാടുകളുടെയും ജനങ്ങളുടെയും സ്വീകരണപാത്രമായി, പുതിയ വിഷയങ്ങൾ, പുതിയ മുഖങ്ങൾ, പുതിയ സ്ഥലങ്ങൾ, സിനിമ മാറിക്കൊണ്ടിരിക്കുന്നു. ആദ്യ നാളുകളിൽ, മലയാള സിനിമയിൽ സ്ത്രീകഥാപാത്രങ്ങളെ പുരുഷന്മാർ അവതരിപ്പിച്ചിരുന്ന സമ്പ്രദായത്തിൽ നിന്ന്, ഇന്ന് ഏത് വേഷവും സ്ത്രീകൾ കൈകാര്യം ചെയ്യുന്നുണ്ട്.

പി.കെ. റോസി, മലയാളികൾ ഒരിക്കലും മറക്കാത്ത, മലയാള സിനിമയുടെ, നാടുകടത്തപ്പെട്ട ആദ്യ നായിക. താഴ്ന്ന ജാതിയിലെ സ്ത്രീകൾക്ക് സിനിമ അന്ന് വിദൂരമായിരുന്ന കാലം. പക്ഷേ പിന്നീട് ഷീലയും ശാരദയും വിജയഭാരതിയും സുമലതയും മലയാള സിനിമാതട്ടകം ഏറ്റെടുത്തു. നായകന്മാരോടൊപ്പം മേനിയഴകിൽ മനം നിറയ്ക്കുന്ന നായികമാർ കാണികളുടെ സ്വപ്നങ്ങളിൽ നിറഞ്ഞാടി. നായകന്മാരുടെ പേരുകളിൽ അറിയപ്പെടുന്ന സിനിമകൾ സാവധാനം സ്ത്രീകളുടെ പേരുകളിൽ അറിയപ്പെടാൻ തുടങ്ങി. നരസിംഹം എന്ന സിനിമയിൽ 'വെള്ളമടിച്ച് കോൺതിരിഞ്ഞു പാതിരായ്ക്കു വീട്ടിൽ വന്നു കയറുമ്പോൾ ചെരുപ്പൂരി കാലുമടക്കി ചുമ്മാ തൊഴിക്കാനും' മറ്റും ഒരു പെണ്ണിനെ വേണമെന്ന് നായകൻ നായികയോട് പറയുമ്പോൾ, നാണിച്ചു മുഖം കുനിച്ചു നിന്ന സ്ത്രീയിൽനിന്ന്, മായാനദിയിലെ അപ്പുവിനെപ്പോലെ 'സെക്സ് ഇസ് നോട്ട് എ പ്രോമിസ്' എന്ന് ധൈര്യപൂർവ്വം മുഖത്ത് നോക്കി പറയുന്ന നായികമാരെ വാർത്തെടുക്കാൻ മലയാള സിനിമയ്ക്ക് കഴിഞ്ഞു.

സംവിധായകരുടെ സ്വപ്നമാണ്, കഠിനാധ്വാനമാണ് ഓരോ സിനിമയും. ആദ്യ നാടുകളിൽ പുരുഷ കേസരികളുടെ മാത്രം കുത്തകയായിരുന്ന സംവിധാനം ഇന്ന് സ്ത്രീകളും ഏറ്റെടുത്തു. മലയാള സിനിമയിലെ ആദ്യ സംവിധായിക വിജയ നിർമലയിൽ തുടങ്ങി വിധു വിൻസന്റും, ഗീതു മോഹൻദാസും, അഞ്ജലി മേനോനും, സംവിധായകരുടെ വേഷം എടുത്തണിഞ്ഞവരാണ്. വില്ലന്മാരെ തല്ലുന്ന നായകന്മാരും നായകരെ തല്ലുന്ന വില്ലന്മാരും ഉള്ള മലയാള സിനിമയിൽ ഇന്ന് നായകനെ തല്ലുന്ന, എതിർക്കുന്ന, സ്വന്തം തീരുമാനങ്ങളെ ഉറച്ച ശബ്ദത്തോടെ പറയാൻ കഴിയുന്ന സ്ത്രീകൾ കൂടുതലാണ്.

നായകൻ, നായിക, വില്ലൻ ഇവരടങ്ങിയ പ്രധാന വേഷങ്ങൾ നിറഞ്ഞതാണ് സിനിമ എന്ന ക്ലീഷേ സമ്പ്രദായത്തിൽ നിന്ന് നായികമാർ മാത്രമുള്ള റിയലിസ്റ്റിക് സിനിമകളും മലയാളികളുടെ സ്വീകരണമുറിയിൽ എത്തിനിൽക്കുന്നുണ്ട്. സ്വാതന്ത്ര്യത്തെക്കുറിച്ചും സമത്വത്തെക്കുറിച്ചും മലയാള സിനിമ അങ്ങോളമിങ്ങോളം ചിത്രീകരിക്കുമ്പോൾ ഇന്നും ഓർക്കണം, ഓരോ സിനിമയിലും പീഡനത്തിനിരയായവരെ എങ്ങനെയാണ് പ്രേക്ഷകർക്കും മുന്നിൽ എത്തിക്കുന്നതെന്ന്. ഇനിയും വളരാൻ ഉണ്ടോ മലയാള സിനിമയിലെ സ്ത്രീ സമത്വവും ചിന്തകളും?

**അമല സിജോ**
ജേർണലിസം & മാസ്സ് കമ്മ്യൂണിക്കേഷൻ



# LAKSHYA


## Comprehensive Support Program (CSP)

A community assistance initiative called LAKSHYA (CSP—Comprehensive Support Program) has been started by the Journalism and Mass Communication department at Pazhassiraja College to assist the local academic community. The department has designated Udaya Govt UP School, Sasimala as a beneficiary. Regular visits to the school by students from the department of journalism and mass communication allow them to instruct the pupils in communication skills, spoken English, and personality development. Also, the pupils had the chance to tour Pazhassiraja College, which includes a museum, media studio, computer lab, science lab, indoor stadium, library, amphitheatre, debate squere, and more.










**Abhina P S**
B. Voc Food Science


"There is no limit to what we as women can accomplish."
Michelle Obama